<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4147</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തികൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>1) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉല്പന്നം)<br><br>2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/പിന്നോക്ക/പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ<br><br>3)മിൽമയുടെ തെരഞ്ഞെടുത്ത ഉൽപന്നങ്ങൾ<br><br>4) IOC യുടെ ചോട്ടു ഗ്യാസ്<br><br>5) സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ |

| | | | |
|---|---|---|---|
| | | | 6) CSC വഴിയുള്ള സേവനങ്ങൾ<br>7)10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം. |
| (ബി) | പഴയ രീതിയിൽ, എല്ലാ റേഷൻ കടകളും എല്ലാദിവസവും രാവിലെയും വൈകുന്നേരവും പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നിലവിൽ രാവിലെ 8 മുതൽ 12 വരെയും ഉച്ചയ്ക്ക് ശേഷം 4 മുതൽ 7 വരെയും ആണ് റേഷൻ കടകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ